സർക്കാർ പ്രസ്സുകൾ

* 42 [42] ശ്രീ. സി.ടി. അഹമ്മദ് അലി:
,, കെ.പി. രാമൻ:
,, പി.കെ.കെ. ബാവ:
,, നാലകത്തു സൂപ്പി:
,, എം.പി.എം. ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഗവൺമെൻറ് പ്രസ്സുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം സ്ഥാപിച്ച പ്രസ്സുകൾ എത്ര;

(സി) ഇന്നു നിലവിലുള്ള പ്രസ്സുകൾ സർക്കാരിൻെറ അച്ചടി ആവശ്യങ്ങൾ നിറവേറ്റുവാൻ അപര്യാപ്തമാണെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അച്ചടിരംഗത്തു സ്വയം പര്യാപ്തത കൈവരിക്കുവാൻ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി എം. കമലം):

(എ) ഒൻപത്

(ബി) മൂന്ന്

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരത്തു മണ്ണന്തലയിലും വയനാട്ടിൽ മേപ്പാടിയിലും കോഴിക്കോട്ടും പുതുതായി ഓരോ പ്രസ്സ് ആരംഭിക്കുകയും കൊല്ലത്തു ഉമയനല്ലൂരും കോട്ടയത്തു വാഴൂരും ഓരോ പ്രസ്സ് പണിയുവാൻ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ അംഗനവാടികൾ

* 43 [43] ശ്രീ. കെ.ടി. കണാരൻ:
,, എം.കെ. കേശവൻ:
,, പി. കുമാരൻ:
,, കെ.ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ എത്ര താലൂക്കുകളിൽ അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അംഗനവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക ആരാണു കൊടുക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) അംഗനവാടി സെൻററുകൾക്ക് വേണ്ടി എന്തൊക്കെ ആനുകൂല്യങ്ങൾ ആണ് ഇപ്പോൾ ഗവൺമെൻറ് നൽകിക്കൊണ്ടിരിക്കുന്നത്?

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി. എം. കമലം):

(എ) 45 താലൂക്കുകളിൽ

(ബി) കേന്ദ്രമേഖലാ പ്രോജക്ടുകളിലെ അംഗൻവാടി കെട്ടിടങ്ങളുടെ വാടക കേന്ദ്രഗവൺമെൻറ് നൽകിവരുന്നു. സംസ്ഥാന മേഖലയിലെ പ്രോജക്ടുകളിലെ അംഗൻവാടി കെട്ടിടങ്ങൾ പൊതുജനസഹകരണത്തോടുകൂടിയാണ് ലഭ്യമാക്കിവരുന്നത്.

(സി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടേയും ഓണറേറിയം, ഫെസ്റ്റിവെൽ അലവൻസ്, കേന്ദ്രമേഖലാ പ്രോജക്ടുകളിലെ അംഗനവാടികെട്ടിടങ്ങളുടെ വാടക, അമ്മമാർക്കും കുട്ടികൾക്കുമുള്ള അനുപൂരക പോഷകാഹാരം എന്നിവ സർക്കാരാണ് നൽകുന്നത്. കൂടാതെ അംഗനവാടിയിലെ കുട്ടികളുടെ പ്രതിരോധ കുത്തിവെയ്പ്പ് അനൗപചാരിക പ്രി–പ്രൈമറി വിദ്യാഭ്യാസം, അംഗനവാടികളുടെ പ്രവർത്തനാവശ്യമായ മെഡിസിൻകിറ്റ്, കളിപ്പാട്ടങ്ങൾ, ഹെൽത്ത് കാർഡ്, കുട്ടികൾക്ക് ഇരിക്കുന്നതിനുള്ള ജമുക്കാളം എന്നിവയും സർക്കാർ ലഭ്യമാക്കിവരുന്നു.

പാഠപുസ്തകങ്ങളുടെ ലഭ്യത

* 44 [44] ശ്രീ. പി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം പാഠപുസ്തകങ്ങൾ എല്ലാ വിദ്യാലയങ്ങൾക്കും ലഭിച്ചിട്ടില്ലെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാഠപുസ്തകങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണ്;

(സി) ഈ പ്രാവശ്യം പാഠപുസ്തകങ്ങളിൽ അതിൻെറ വില എഴുതാതിരുന്നതിൻെറ കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) പ്രസ്സുകളിൽനിന്നും അച്ചടിച്ച് കിട്ടുന്ന പുസ്തകങ്ങൾ എല്ലാ ജില്ലാ പാഠപുസ്തക ഡിപ്പോകളിലും ആവശ്യാനുസരണം എത്തിക്കുന്നു. അവിടെ നിന്നും സ്കൂൾ കോ–ഓപ്പറേറീവ് സൊസൈറ്റികൾ അവർക്ക് ആവശ്യമുള്ള പുസ്തകങ്ങൾ വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു.

(സി) പാഠപുസ്തകങ്ങളുടെ വില നിശ്ചയിക്കുന്നത് അച്ചടിക്കടലാസ്, അച്ചടിക്കൂലി മുതലായ നിർമ്മാണ ചെലവിനെ അടിസ്ഥാനപ്പെടുത്തിയാണ്. പുസ്തകങ്ങളുടെ അച്ചടി പൂർത്തിയാകാതെ അവയുടെ നിർമ്മാണച്ചെലവ് കണ്ടുപിടിക്കുവാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly